## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307


**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം -ശ്രീ രഞ്ജൻ ആർ എൻ, ടൂൾ & ഡൈ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ,സർക്കാർ പോളിടെക്ക്നിക് കോളേജ്,കുന്നംകുളം- അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തത് - അച്ചടക്ക നടപടികൾ പൂർത്തീകരിച്ച - സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് (എ) വിഭാഗം

നം: EC4/22153/21/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 10.10.2023

---

വായന:- 1.കേരള പി എസ് സി യുടെ നിയമന ശുപാർശ കത്ത് നംബർ RIC(3) 20711/001/GW തീയതി 24/07/2001

2.ഈ കാര്യാലയത്തിലെ 22/08/2001 ലെ EC4/25860/90/DTE നംബർ ഉത്തരവ്.

3.1. 03/02/2022 ലെ സർക്കാർ കത്ത് നംബർ എൽ3/220/21/ഉ.വി.വ

4.24/02/2022 ലെ ഈ ഓഫീസിലെ ഇതേ നംബർ കത്ത്

5.01/04/2022 ലെ മെമ്മോ ഓഫ് ചാർജ് ,കുറ്റാരോപണ പത്രിക

6.01/04/2022 ശ്രീ രഞ്ജൻ ആർ എൻ സമർപ്പിച്ച അപേക്ഷ.

7. .02/04/2022 ലെ ഈ ഓഫീസിലെ ഇതേ നംബർ ഉത്തരവ്.

8.21/07/2022 ലെ കുന്നംകുളം സർക്കാർ പോളിടെക്ക്നിക് കോളേജിലെ പ്രിൻസിപ്പാളിന്റെ സി /1142/22 നംബർ കത്ത്

9.ഈ ഓഫീസിലെ 10/08/2022 ലെ ഇതേ നംബർ കത്ത് .

10.23/10/2022 ലെ മെമ്മോ ഓഫ് ചാർജ് ,കുറ്റാരോപണ പത്രിക.

11.09/01/2023 ലെ കോതമംഗലം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേഖലാ കാര്യാലയം ജോയിൻറ് ഡയറക്ടറുടെ ഇ/2200/2022/RDTE നംബർ കത്ത്.

12.ഈ ഓഫീസിലെ 21/01/2023 ലെ ഇതേ നംബർ കാരണം കാണിക്കൽ നോട്ടീസ്.

13.03/03/2023 ലെ ഇതേ നംബർ കത്ത്.

**ഉത്തരവ്**

ശ്രീ രഞ്ജൻ ആർ എൻ സൂചന ഒന്ന്, രണ്ട് പ്രകാരം 14/09/2001 ൽ കോഴിക്കോട് കേരള ഗവൺമെൻറ് പോളിടെക്നിക്ക് കോളേജിൽ ടൂൾ & ഡൈ എൻജിനിയറിംഗ് വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടറായി പി എസ് സി മുഖേന നിയമിതയായി. ഈ കാര്യാലയത്തിലെ 12/04/2002 ലെ EC4/25860/90/DTE ഉത്തരവ് പ്രകാരം ടി തസ്തികയിൽ ടിയാളുടെ സേവനം ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ടി തസ്തികയിൽ നിരീക്ഷണ കാലം പൂർത്തിയാക്കിയിട്ടില്ല. ടിയാൾ 01/11/2001 മുതൽ പല ഘട്ടങ്ങളിലായി 20 വർഷത്തെ ശൂന്യ വേതന അവധി (under Apendix XII A part I KSR for better employment for abroad ) അനുവദിച്ചിരുന്നു..

ശൂന്യ വേതന അവധി 01/11/2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കാനാവില്ല എന്ന് സൂചന മൂന്ന് കത്ത് പ്രകാരം സർക്കാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ. ശ്രീ രഞ്ജൻ ആർ എൻ അടിയന്തിരമായി സർവീസിൽ തിരികെ പ്രവേശിക്കണമെന്നും 4/3/2022നകം തിരികെ ജോലിക്കു ഹാജരാകാതിരിക്കുന്ന പക്ഷം കെ എസ് ആർ ഭാഗം ഒന്ന്, അനുബന്ധം XII-A, ചട്ടം 9 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും സൂചന നാല് പ്രകാരം ടിയാനെ നേരിട്ടു രജിസ്റ്റേർഡ് വിത്ത് AD ആയും സ്ഥാപന മേധാവി മുഖേനയും അറിയിച്ചിരുന്നു.

എന്നാൽ മേൽ തീയതിക്ക് ശേഷവും ഹാജരാകാത്ത സാഹചര്യത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി മെമ്മോ ഓഫ് ചാർജ്, കുറ്റാരോപണ പത്രിക എന്നിവ നൽകുന്നതിനുള്ള നടപടികൾ

Draft #42 of File EC4/22153/21/DTE Approved by Director (in-charge) on 10-Oct-2023 02:59 PM - Page 1

പൂർത്തിയായ ദിവസം 01/04/2022 ൽ ശ്രീ രഞ്ജൻ ആർ എൻ നേരിട്ട് ഓഫീസിൽ ഹാജരാകുകയും സേവനത്തിൽ പുന;പ്രവേശിക്കുന്നതിന് അനുമതി നൽകുന്നതിന് സൂചന 6 പ്രകാരം അപേക്ഷ നല്കുകയും ചെയ്തു. ടിയാൻറെ അപേക്ഷയുടെ അടിസ്ഥാനത്തിലും നേരിട്ട് ഹാജരായ സാഹചര്യത്തിലും മെമ്മോ ഓഫ് ചാർജ് ,കുറ്റാരോപണ പത്രിക എന്നിവ നിലവിൽ നല്കേണ്ടതില്ലെന്നും ടിയാനെ സേവനത്തിൽ പുന;പ്രവേശിക്കാവുന്നതാണെന്നും ആയതിനു ശേഷം സർക്കാരിലേക്ക് സാധൂകരണത്തിനായി അപേക്ഷ അയക്കാവുന്നതാണെന്നും തീരുമാനിക്കുകയും സൂചന 7 ഉത്തരവ് പ്രകാരം കുന്നംകുളം സർക്കാർ പോളിടെക്ക്നിക് കോളേജിലെ ടൂൾ & ഡൈ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് ടിയാന് നിയമനം നല്കുകയും ചെയ്തു . 04/04/2022 ൽ ശ്രീ രഞ്ജൻ ആർ എൻ ജോലിയിൽ പ്രവേശിച്ചതായി 07/04/2022 ലെ കത്ത് പ്രകാരം സ്ഥാപന മേധാവി അറിയിക്കുകയും ചെയ്തു.

എന്നാൽ ശ്രീ രഞ്ജൻ ആർ എൻ 06/05/2022 &11/05/2022 എന്നീ ദിവസങ്ങളിൽ മാത്രം സ്ഥാപനത്തിൽ ഹാജരാകുകയും പിന്നീട് ജോലിക്കു ഹാജരായിട്ടില്ല എന്ന് സ്ഥാപന മേധാവി സൂചന 8 പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരം സൂചന 9 പ്രകാരം സർക്കാരിനെ അറിയിക്കുകയും 11.10.2022 ലെ സർക്കാർ കത്ത് പ്രകാരം ടിയാനെതിരെ കെ എസ് ആർ ഭാഗം ഒന്ന് അനുബന്ധം XII A ചട്ടം 9 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനായി ചാർജ് മെമ്മോ,കുറ്റാരോപണ പത്രിക എന്നിവ സൂചന 10 പ്രകാരം നല്കിയിരുന്നു..

08/12/2022 ലെ സ്ഥാപന മേധാവിയുടെ കത്ത് പ്രകാരം ശ്രീ രഞ്ജൻ ആർ എൻ മേൽ പറഞ്ഞ ചാർജ് മെമ്മോ ,കുറ്റാരോപണ പത്രിക എന്നിവ രജിസ്റ്റേഡ് കത്ത് മുഖേന അയച്ചിരുന്നു എന്നും ഈ കത്ത് 25/11/2022 നു ടിയാൻറെ പിതാവ് ആയ നാരായണൻ പി എന്ന വ്യക്തി കൈപ്പറ്റിയതായും എന്നാൽ ചാർജ് മെമ്മോ, കുറ്റാരോപണ പത്രിക എന്നിവയുടെ ഒപ്പ് രേഖപ്പെടുത്തിയ പകർപ്പ് സ്ഥാപനത്തിലേക്ക് തിരിച്ച് അയച്ചു തരുകയോ, മറുപടി നൽകുകയോ, നാളിതു വരെ ജോലിക്കു ഹാജരാകുകയോ ചെയ്തിട്ടില്ല.

ശ്രീ രഞ്ജൻ ആർ എൻ അനധികൃതമായി ജോലിക്കു ഹാജരാകാത്തതിന്റ്റെ നിജസ്ഥിതി പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോതമംഗലം RDTE ഓഫീസിലെ അക്കൌണ്ട്സ് ഓഫീസറായ ശ്രീ സന്തോഷ് കുമാർ വി യെ ചുമതലപ്പെടുത്തുകയും അതിൻ പ്രകാരം ടിയാൻ കുന്നംകുളം സർക്കാർ പോളിടെക്ക്നിക്ക് കോളേജ് സന്ദർശിച്ച് അന്വേഷണം നടത്തി, വായന 11 പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലും ശ്രീ രഞ്ജൻ ആർ എൻ 04/04/2022ൽ കുന്നംകുളം സർക്കാർ പോളിടെക്ക്നിക്ക് കോളേജിൽ സേവനത്തിൽ പ്രവേശിച്ചു. തുടർന്ന് 06/05/2022,11/05/2022 തീയതികളിൽ പരീക്ഷാ ജോലിക്കു ഹാജരായിട്ടുണ്ട് എന്നും പിന്നെ ജോലിക്കു ഹാജരായിട്ടില്ല എന്ന് ബോധ്യപ്പെട്ടതായി റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്.

ശ്രീ രഞ്ജൻ ആർ എൻ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ നിരീക്ഷണ കാലം പൂർത്തികരിക്കാത്ത സാഹചര്യത്തിൽ ടിയാൾക്കെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും, നിയന്ത്രണവും ,അപ്പീലും )ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ കൈകൊള്ളാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ പ്രതിവാദ പത്രിക സമർപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് കാരണം കാണിക്കൽ സൂചന 12 പ്രകാരം നല്കിയിരുന്നു. ആയതിന്റെ മറുപടി സ്ഥാപന മേധാവി സമർപ്പിച്ചതിൽ ടിയാന് രജിസ്റ്റേഡ് കത്ത് (RL 645020409 ഐഎൻ) ആയി 31/01/2023 ലെ കത്ത് പ്രകാരം സ്ഥാപന മേധാവി അയച്ചെങ്കിലും ഈ കത്ത് ടിയാൻ കൈപറ്റാതെ 13/02/2023 നു തിരിച്ച് വന്നിട്ടുണ്ട് എന്നും അറിയിച്ചിരുന്നു.

കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടും യാതൊരു പ്രതിവാദ പത്രികയും ലഭ്യമാകാത്ത സാഹചര്യത്തിൽ പിരിച്ചുവിടൽ നടപടിയിലേക്ക് കടക്കുന്നതിനായിശ്രീ രഞ്ജൻ ആർ എൻ നു എതിരെയുള്ള കാരണം കാണിക്കൽ നോട്ടിസ് പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി നിശ്ചിത മാതൃകയിൽ സൂചന 13 പ്രകാരം PRD യിലേക്ക് അയച്ചിരുന്നു ടിയാൾ അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുന്നതിനാൽ വിശദീകരണം നല്കാൻ ആവശ്യപ്പെടുന്ന വിൻഡോപരസ്യം മാതൃഭൂമി ദിന പത്രത്തിന്റെ എല്ലാ എഡിഷനിലും 09/03/2023 ൽ പ്രസിദ്ധീകരിച്ചിരുന്നു. .അച്ചടക്ക നടപടി സംബന്ധിക്കുന്ന വിശദ വിവരങ്ങൾ അടങ്ങുന്ന നോട്ടിസ് Govt.Websiteൽ പ്രസിദ്ധീകരിക്കുകയും സർവീസിൽ നിന്നും പിരിച്ചു വിടാതിരിക്കാൻ കാരണം

Draft #42 of File EC4/22153/21/DTE Approved by Director (in-charge) on 10-Oct-2023 02:59 PM - Page 2

ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 15 ദിവസത്തിനകം ലഭ്യമാക്കാൻ Govt.Websiteൽ പ്രസിദ്ധീകരിച്ച നോട്ടീസിൽ പറയുകയും ചെയ്തിരുന്നു. എന്നാൽ ഇതുവരെ ടിയാൾ വിശദീകരണം നൽകുകയോ ഈ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്തിട്ടില്ല.

ഈ സാഹചര്യത്തിൽ 1960 ലെ കേരള സിവിൽ സർവീസ് തരം തിരിക്കലും ,നിയന്ത്രണവും,അപ്പീലും ചട്ടം 15 പ്രകാരം അച്ചടക്ക നടപടികൾപൂർത്തിയാക്കിയതിനാൽ കുന്നംകുളം സർക്കാർ പോളിടെക്ക്നിക് കോളേജിലെ ടൂൾ & ഡൈ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ ആയ ശ്രീ രഞ്ജൻ ആർ എൻ നെതിരെ കൈകൊണ്ടിട്ടുള്ള വകുപ്പുതല അച്ചടക്ക നടപടികളിൽ ഉന്നയിച്ചിരുന്ന ആക്ഷേപങ്ങൾ വസ്തുതപരമായി തെളിഞ്ഞ സാഹചര്യത്തിൽ ടിയാളുടെ ഭാഗത്തുനിന്നും സംഭവിച്ച കടുത്ത അച്ചടക്ക ലംഘനത്തിന്റെയും, കൃത്യനിർവ്വഹണ വീഴ്ച്ചയുടേയും, പെരുമാറ്റദൂഷ്യത്തിന്റെയും പശ്ചാത്തലത്തിൽ ടിയാൾക്കെതിരെ കൈകൊണ്ടിരുന്ന നടപടികളിൽ ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിലേയ്ക്ക് പരാമർശം (12) പ്രകാരം കൈകൊണ്ടിരുന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടം ഭാഗം II ചട്ടം 19 പ്രകാരം നിരീക്ഷണ കാലം അവസാനിപ്പിച്ച് കൊണ്ടും 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടങ്ങൾ 11(vii), 13(2) (b) (v) കളിലെ വ്യവസ്ഥകൾക്ക് വിധേയമായും 12/05/2022 തീയതി പ്രാബല്യത്തിൽ ശ്രീ രഞ്ജൻ ആർ എൻ നെ സർവീസിൽ നിന്ന് നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്

1.Ranjan R N
Sivasakthi, Mattanode P O
Athiyodi (via),Kozhikode
Kerala-673527

2.പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്,കുന്നംകുളം

3. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

4. അക്കൗണ്ടന്റ് ജനറൽ (കേരള), ബ്രാഞ്ച് ആഫീസ്, കോട്ടയം (ആമുഖ കത്ത് സഹിതം)

5. കരുതൽ ഫയൽ/ആഫീസ് കോപ്പി

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 10.10.2023
Reason: Approved

Draft #42 of File EC4/22153/21/DTE Approved by Director (in-charge) on 10-Oct-2023 02:59 PM - Page 3